**16.02.2017ന് സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ കൂടിയ 21-ാമത് ICDS മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് തീരുമാനം.**

**പങ്കെടുത്തവർ**

1. ശ്രീമതി. മിനി ആന്റണി ഐഎഎസ്, സ്പെഷ്യൽ സെക്രട്ടറി,സാമൂഹ്യനീതി വകുപ്പ്
2. ശ്രീമതി. അനുപമ റ്റി.വി., IAS, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ
3. ശ്രീമതി. ഉഷാകുമാരി.എസ്., ADHS( FW)
4. ഡോ. അമർഫെറ്റ്ലി, SNO-AH, NHM
5. ഡോ. കെ.റ്റി. ശ്രീലതാകുമാരി, സ്റ്റേറ്റ് ന്യൂട്രിഷൻ ഓഫീസർ
6. ശ്രീ. ജി.ഗോപകുമാർ, TA to CFS, ഫുഡ് സേഫ്റ്റി കമ്മീഷണർ
7. ശ്രീമതി. റ്റി. അനുപമ, ജൂനിയർ സൂപ്രണ്ട്, അർബൻ അഫയേഴ്സ്
8. ഡോ. ശ്രിഹരി.എം. സ്റ്റേറ്റ് കൺസൾട്ടന്റ്, യൂണിസെഫ്
9. ശ്രീ റാഫി.പി. സീനിയർ പ്രോഗ്രാം അസി. യൂണിസെഫ്
10. ശ്രീമതി. ജാസ്മിൻ ബീഗം, മാർക്കറ്റിംഗ് കൺസൾട്ടന്റ്, കുടുംബശ്രീ
11. ശ്രീമതി. കൃഷ്ണകുമാരി.എസ്, സീനിയർ ക്ലാർക്ക്, പഞ്ചായത്ത് ഡയറക്ടറേറ്റ്

ഐസിഡിഎസ് മിഷൻ 21- ാമത് എക്സി. കമ്മിറ്റി യോഗം 16.2.2017 ന് രാവിലെ 11 മണിക്ക് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്നു. 20-മത് എക്സി. കമ്മിറ്റി തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ യോഗത്തിൽ ചർച്ച ചെയ്തു. തുടർന്ന് അജണ്ട വിഷയങ്ങളിന്മേൽ വിശദമായ ചർച്ചകൾക്ക് ശേഷം ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**ഇനം നം. 1 : 20-മത് എക്സി. കമ്മിറ്റി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടികൾ**

1. മെഡിക്കൽ ഓഫീസർ, മറ്റ് ഹെൽത്ത് സ്റ്റാഫ് എന്നിവരുടെ അങ്കണവാടി സന്ദർശനം കാര്യക്ഷമമാക്കുന്നതിലേക്കും ആയത് അവലോകനത്തിനുമായി DMO level meeting- അജണ്ടയായി ടി വിഷയം ഉൾപ്പെടുത്തുവാൻ DHS നോട് കമ്മിറ്റി നിർദ്ദേശിച്ചു.

2. 5 വയസിൽ താഴെയുള്ള കുട്ടികളുടെ ആധാർ എൻ റോൾമെന്റിൽ പുരോഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കണം.

3. (i) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്കായി കണ്ടെത്തിയ സ്ഥലങ്ങളിൽ നിർമ്മിക്കുന്ന അങ്കണവാടി കെട്ടിടങ്ങൾ ഏത് രീതിയിലായിരിക്കണം,

എന്തെല്ലാം സൗകര്യങ്ങളോടുകൂടി നിർമ്മിക്കാം എന്ന രീതിയിൽ പ്ലാൻ തയ്യാറാക്കണം.

(ii)സ്കൂൾ കോമ്പൗണ്ടുകളിൽ അങ്കണവാടികൾ ആരംഭിയ്ക്കുന്ന വിഷയത്തിൽ അങ്കണവാടി- പ്രീ സ്കൂൾ സംയോജിപ്പിച്ചുകൊണ്ട് പ്രീ സ്കൂൾ എഡ്യൂക്കേഷൻ ആകർഷകമാക്കുന്ന തരത്തിലേക്ക് മാറ്റുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കണം.

(3 5 കുട്ടികളിൽ കുറവായ അങ്കണവാടികൾ ക്ലബ് ചെയ്യുന്നതിന്റെ സാധ്യത പരിശോധിച്ച് സമർപ്പിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ

(i) അങ്കണവാടി വർക്കർമാരുടെ പ്രവർത്തനങ്ങൾ ആകർഷകമാക്കുന്നതിനുള്ള നടപടി

(ii) അങ്കണവാടി പ്രവർത്തനം ഷിഫ്റ്റ് അടിസ്ഥാനത്തിൽ 8 AM - 6 PM വരെ ആക്കുന്നതിനും ആയത് 8 AM - 12 വരെ ഒരു ഷിഫ്റ്റും 12-6 അടുത്ത ഷിഫ്റ്റുമായി മാറ്റുന്നതിന്റെ സാധ്യത

(iii) ക്ലബ് ചെയ്യുമ്പോൾ അധികമായി വരുന്ന ജീവനക്കാരെ ഐസിഡിഎസുകളിൽ തന്നെ re-deploy ചെയ്യുന്നതിന്റെ സാധ്യത. പ്രസ്തുത വിഷയങ്ങൾ ഉൾപ്പെടുത്തി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കണം.

4. ന്യൂട്രിമിക്സ്, ഉൽപ്പാദനം, വിതരണം തുടങ്ങിയ സമസ്തമേഖലകളും പുന: പരിശോധനക്ക് വിധേയമാകണം. Flavor Change , അളവ് എന്നിവ പുന: പരിശോധനയ്ക്ക് വിധേയമാകണം. കേന്ദ്ര സർക്കാർ മാർഗ നിർദ്ദേശങ്ങൾ കേരളത്തിന് അനുയോജ്യമായ രീതിയിൽ മാറ്റം വരുത്തുന്നതിന് കേന്ദ്രത്തോട് പ്രൊപ്പോസൽ വയ്ക്കാനും കമ്മിറ്റി തീരുമാനിച്ചു. ന്യൂട്രിമിക്സ് ഉപയോഗിച്ച് കുട്ടികൾക്ക് ഇഷ്ടപ്പെട്ട വിവിധതരം ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കി കുട്ടികൾക്ക് നൽകുന്നതിനുള്ള സന്ദേശം അമ്മമാർക്ക് നൽകണം

5. ICDS മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് സമർപ്പിച്ച് സർക്കാരിൽ പെന്റിംഗ് ആയ ഫയലുകൾ ഒരാഴ്ചക്കുള്ളിൽ resubmit ചെയ്യുവാൻ സെക്രട്ടറിയേറ്റ് ബി സെക്ഷൻ ഓഫീസറെ ചുമതലപ്പെടുത്തി.

6. അങ്കണവാടികൾക്ക് നൽകുന്ന മെഡിസിൻ കിറ്റിൽ ഉൾപ്പെട്ട പല മരുന്നുകളും വിതരണം ചെയ്യാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നതിനാൽ 2017-18 സാമ്പത്തിക വർഷം വിഷയം പുന: പരിശോധിക്കാൻ കമ്മിറ്റി തീരുമാനിച്ചു.

**ഇനം നം. 2 : ആരോഗ്യ വകുപ്പുമായുള്ള കൺവേർജൻസ്**

ആരോഗ്യ വകുപ്പും, അങ്കണവാടികളും തമ്മിലുള്ള കൺവേർജൻസ് ഉറപ്പാക്കുന്നതിലേക്ക് ഹെൽത്ത് ഡയറക്ടർ മുഖേന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

**ഇനം നം. 3 : ആധാർ പുരോഗതി**

ആധാർ സ്റ്റേറ്റ് കോർഡിനേറ്റർ ,അക്ഷയ സ്റ്റേറ്റ് കോർഡിനേറ്റർ സെക്രട്ടറിയേറ്റ്, ഡയറക്ടറേറ്റ് തല പ്രതിനിധികളുമായി അടിയന്തിര യോഗം കൂടുവാൻ തീരുമാനിച്ചു.

**ഇനം നം. 4 : പ്ലാൻ പുരോഗതി**

ഫണ്ട് വിനിയോഗം ബന്ധപ്പെട്ട നടപടിയെല്ലാം തന്നെ March 15 ന് മുൻപ് പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ യോഗം തീരുമാനിച്ചു.

**ഇനം നം. 5: വയനാട് മാനന്തവാടി- ജാതക്-ജനനി**

ജാതക് ജനനി പദ്ധതിയുമായി പൂർണമായും സഹകരിച്ച് പ്രവർത്തിക്കുവാൻ ആരോഗ്യപ്രവർത്തകർക്ക് നിർദ്ദേശം നൽകുന്നതിലേക്ക് സർക്കാർ തലത്തിൽ തന്നെയുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകുവാൻ തീരുമാനിച്ചു.

**ഇനം നം. 6 : ദേശീയ ബാലികാ ദിനം**

ദേശീയ ദിനാഘോഷങ്ങൾ കഴിവതും സംസ്ഥാനതലത്തിൽ തന്നെ ആകർഷകമായ രീതിയിൽ നടപ്പിലാക്കാൻ കമ്മിറ്റി തീരുമാനിച്ചു. ബാലിക ദിനാഘോഷ പരിപാടികൾ ഏറ്റവും ഭംഗിയായി നടത്തിയ ജില്ലകൾക്ക് 'letter of applause' നൽകുവാൻ കമ്മിറ്റി ഡയറക്ടറെ ചുമതലപ്പെടുത്തി.

യോഗം 12.30 PM ന് അവസാനിച്ചു.

അടുത്ത മീറ്റിംഗ് 16.03.2017 രാവിലെ 11AM ന് സെക്രട്ടറിയേറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ കൂടുവാൻ തീരുമാനിച്ചു

ചെയർമാൻ